"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വയനാട്- മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെത്തിരി താലൂക്കിൽ 30/07/2024-ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ദുരന്ത ബാധിതരായവർക്ക് അടിയന്തിര ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**ദുരന്തനിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.589/2024/DMD തീയതി,തിരുവനന്തപുരം, 09-08-2024

പരാമർശം:- സഉ(പി) നം.2/2024/ഡിഎംഡി തീയതി 09/08/2024

**ഉത്തരവ്**

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ വെള്ളരിമല വില്ലേജിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ 30/07/2024ന് ഉണ്ടായ ഉരുൾപ്പൊട്ടലിലെ ദുരന്ത ബാധിതർക്ക് ചുവടെ കാണുന്ന പ്രകാരം അടിയന്തിര ധനസഹായം അനുവദിക്കുവാൻ വയനാട് ജില്ലാകളക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

**I. ദുരന്തബാധിതർക്കുള്ള ആശ്വാസ ധനസഹായം**

- ജീവനോപാധി നഷ്ടപ്പെട്ടുന്ന കുടുംബങ്ങൾക്ക് സഹായധനമായി പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300/- രൂപ വീതം 30 ദിവസത്തേക്ക് അനുവദിക്കുന്നു. ഈ ആനുകുല്യം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. ഈ തുക SDRF ൽ നിന്നും നിബന്ധനകൾ പാലിച്ച് അനുവദിക്കേണ്ടതാണ്.
- ഇത് കൂടാതെ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള /കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി 30 ദിവസത്തേക്ക് അനുവദിക്കുന്നു. ഈ തുക CMDRF ൽ നിന്നും വഹിക്കേണ്ടതാണ്.

**II. <u>ക്യാമ്പിൽ താമസിക്കുന്നവർക്കുള്ള അടിയന്തര സഹായം</u>**

- ക്യാമ്പിൽ താമസിക്കുന്നവരുൾപ്പടെ ഉരുൾപൊട്ടൽ ദുരന്ത ബാധിതരായ എല്ലാ കുടുംബൾക്കും 10,000/- രൂപ വീതം അടിയന്തര ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്നതിൽ SDRF ന്റെ മാനദണ്ഡ പ്രകാരമുള്ള 5000/- രൂപയ്ക്ക് പുറമെയുള്ള തുക CMDRF ൽനിന്ന് അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ,ദുരന്ത നിവാരണം

ജില്ലാകളക്ടർ,വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

റവന്യൂ(ഡിആർഎഫ്) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sivaprasad V N

സെക്ഷൻ ഓഫീസർ

Date: 09-08-2024 18:06:43